# പതിനാലാം കേരള നിയമസഭ
## ഇരുപത്തി രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *32** | **13-01-2021 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീമതി. വീണാ ജോർജ്ജ്<br>പ്രൊഫ. കെ.യു. അരുണൻ | ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### കിഫ്ബി വഴി നടത്തുന്ന പ്രവർത്തനം

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും മൂലധനചെലവ് എത്രയായിരുന്നു ; ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങളെയും കോവിഡ് മഹാമാരിയെയും നേരിടേണ്ടി വന്നിട്ടും മുൻ സർക്കാർ വരുത്തി വച്ച സാമ്പത്തിക കുഴപ്പങ്ങളെ അതിജീവിച്ചുകൊണ്ട് ഈ സർക്കാരിന്റെ കാലത്ത് മൂലധനചെലവ് വർദ്ധിപ്പിക്കാനായിട്ടുണ്ടോ ; | മുൻ സർക്കാരിന്റെ കാലത്തെ മൂലധനചെലവ് സംബന്ധിച്ച വിശദവിവരങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.<br>***(തുക കോടിയിൽ)***<br>**വർഷം** — **മൂലധനചെലവ്**<br>2011-2012 — 4851.46<br>2012-2013 — 5739.44<br>2013-2014 — 5758.5<br>2014-2015 — 4997.68<br>2015-2016 — 8342.29<br>മുൻ സർക്കാരിന്റെ കാലത്ത് മൂലധച്ചെലവ് 29689.37 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ ആദ്യ നാലു വർഷക്കാലയളവിൽ (2016-17 മുതൽ 2019-2020 സാമ്പത്തിക വർഷം വരെ) മൂലധനച്ചെലവ് 40,994.06 കോടി രൂപയായിരുന്നു. ആദ്യ നാലു വർഷം കൊണ്ടു തന്നെ മുൻ സർക്കാരിനെ അപേക്ഷിച്ച് 11304.69 കോടി രൂപയുടെ വർദ്ധനവ് മൂലധനച്ചെലവിൽ ഉണ്ടായിട്ടുണ്ട്. |
| (ബി) | ഉയർന്ന മൂലധന ചെലവിനും വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനും കിഫ്ബി വഴി നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ ; | സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. വിദ്യാഭ്യാസ രംഗത്തിനെ ആധുനിക വത്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലുട നീളമുള്ള സർക്കാർ സ്കൂളുകളിൽ 44705 ക്ലാസ്റൂമുകൾ ഹൈടെക് ആക്കി മാറ്റിയ 493.50 കോടി രൂപയുടെ പദ്ധതി, 292 കോടി രൂപ ചെലവിൽ സ്കൂളുകളിൽ ഹൈടെക് ലാബുകൾ, കിഫ്ബി വിഹിതമായി 3 കോടി/ 5 കോടി രൂപ നൽകി ഏകദേശം 1642.05 കോടി രൂപ ചെലവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ പുതുക്കി നിർമ്മിക്കുന്ന പദ്ധതി, ആരോഗ്യമേഖലയിൽ ഇതുവരെ 3,121.86 കോടി രൂപയ്ക്കുള്ള അംഗീകാരം എന്നിവ കിഫ്ബി നൽകിക്കഴിഞ്ഞു. സംസ്ഥാനത്തെ ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലായി 1,053.87 കോടി |

| | | |
|---|---|---|
| | | രൂപയ്ക്കുള്ള കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി, മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി 376.75 കോടി രൂപയുടെ പദ്ധതി, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 252.70 കോടി രൂപയുടെ അംഗീകാരം എന്നിവ അവയിൽപ്പെടുന്നു. 672.64 കോടി രൂപയ്ക്ക് നാളിതുവരെ അംഗീകാരം നൽകിയ കൊച്ചിയിലെ നഗര പുനരുജ്ജീവനവും സമഗ്ര ജലഗതാഗതവും പദ്ധതി, 5200 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി,1,061.73 കോടി രൂപയുടെ കെ-ഫോൺ പദ്ധതി, ദേശീയ പാത വികസനത്തിന് സ്ഥലേറ്റെടുക്കാനുള്ള 5,374 കോടി രൂപയുടെ പദ്ധതി, വ്യവസായ പാർക്കുകളും വ്യവസായ ഇടനാഴിയും സാധ്യമാക്കാനായി ഏകദേശം 15000 കോടി രൂപയ്ക്ക് സ്ഥലേറ്റെടുക്കാനുള്ള പദ്ധതികൾ, 164.83 കോടി രൂപയ്ക്ക് നാളിതുവരെ അംഗീകാരം നൽകിയ തീരദേശ ഹൈവേ, 1,719.59 കോടി രൂപയ്ക്കുള്ള മലയോര ഹൈവേ എന്നീ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബി വഴി അനുമതി നൽകിയിട്ടുള്ളത്. |
| (സി) | മുൻ സർക്കാരിന്റ കാലത്തേതിൽ നിന്നും വ്യത്യസ്തമായി 140 നിയോജകമണ്ഡലങ്ങളിലും പക്ഷപാതരഹിതമായി വികസനം ഉറപ്പാക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ; | 5 വർഷം കൊണ്ട് 50000 കോടി രൂപയുടെ വികസന പദ്ധതികളായിരുന്നു ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ വൻകിട മൂലധന നിക്ഷേപവും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ടുകൊണ്ട് നാളിതുവരെ 60,096.35 കോടി രൂപയുടെ 821 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 40096 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20000 കോടി രൂപയുടെ ഭൂമി എറ്റെടുക്കൽ പദ്ധതികളും ഉൾപ്പെടുന്നു. പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ജലസേചനം എന്നീ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ 140 നിയോജകമണ്ഡലങ്ങൾക്കും പ്രധാന്യം നൽകിക്കൊണ്ടുള്ള വികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പാക്കി വരുന്നത്. |
| (ഡി) | വെബ് സൈറ്റിൽ എല്ലാ വിവരങ്ങളും നൽകി ഏറ്റവും സുതാര്യത യോടെയും നിയമാനുസൃത മായും പ്രവർത്തിക്കുന്ന കിഫ്ബിയെ തകർക്കുക യെന്ന ലക്ഷ്യത്തോടെ പ്രതിപക്ഷ കക്ഷികൾ ആരോപണം ഉയർത്തുന്ന സാഹചര്യത്തിൽ കിഫ്ബി യുടെ ഓഡിറ്റ് സംവിധാന ത്തെക്കുറിച്ച് വിശദമാക്കാ മോ ? | കിഫ്ബിയിൽ വിവിധ തലത്തിലുള്ള ഓഡിറ്റിങ് സമ്പ്രദായങ്ങളും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്നുണ്ട്. കിഫ്ബി സി&എ.ജി. ഓഡിറ്റിന് വിധേയമാണ്. കിഫ് ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഇതോടൊപ്പം ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം, നികുതി ഓഡിറ്റിംഗ് സംവിധാനം അന്താരാഷ്ട്ര നിക്ഷേപകരുടെ താല്പര്യ പ്രകാരമുള്ള പിയർ റിവ്യൂ ഓഡിറ്റിംഗ് എന്നിവയും കിഫ്ബിയിൽ നടന്നുവരുന്നു. 2020 ജൂലൈ മാസം വരെയുള്ള കാലയളവിലെ സി&എജി ഓഡിറ്റ് കിഫ്ബിയിൽ |

| | | |
|---|---|---|
| | | പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിൽ കിഫ്ബിയുടെ വരവ് ചെലവ് കണക്കുകൾ വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുന്നുണ്ട്. അതോടൊപ്പം പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റുകളും കിഫ്ബിയിൽ നിലവിലുണ്ട്. ഇന്റേണൽ ക്വാളിറ്റി ഓഡിറ്റ് സെൽ, സ്വതന്ത്ര ക്വാളിറ്റി ഓഡിറ്റ് എന്നിവയാണവ. കിഫ്ബി പദ്ധതികൾ മികച്ച നിലവാരത്തിലാണ് നിർമ്മിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ ഇവ സഹായിക്കും. പദ്ധതി നിർവ്വഹണത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ഉചിതവും സത്വരവുമായ നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു. |

Sajeela

**അക്കൗണ്ട്സ് ഓഫീസർ**